DESPATCHED
On..25/02/2020

20/01/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic@kerala.nic.in

**ഹർജി നമ്പർ CP.No. 402(5)/19/SIC**

**തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 7534/SIC-G7/2019**

സന്നിഹിത

ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. എം. എസ്. ജയപ്രസാദ്,<br>ചെമ്പിലാവ് നിന്ന വീട്, എം. എസ്. നഗർ,<br>കോട്ടുകാൽ പി.ഒ., ബാലരാമപുരം,<br>തിരുവനന്തപുരം. | പരാതിക്കാരൻ |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>കൃഷി അസിസ്റ്റന്റ് ഡയറക്ടർ,<br>പള്ളിച്ചൽ, മലയിൻകീഴ് പി.ഒ.,<br>തിരുവനന്തപുരം. | എതിർകക്ഷി |

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 01.02.2019 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 19.02.2019 |
| കമ്മീഷൻ മുമ്പാകെ പരാതി സമർപ്പിച്ച തീയതി | 06.05.2019 |
| ഹിയറിംഗ് തീയതി, സ്ഥലം | 22.10.2019, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |
| എതിർകക്ഷി<br><br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br><br>ഹാജരായിരുന്നില്ല |

1. പരാതിക്കാരൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടത്,

   1) കോട്ടുകാൽ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട മുൻ കുഴിവിള വാർഡ് - നിലവിലെ ശ്രീനാരായണപുരം വാർഡിൽ 1985-1990 കാലയളവിൽ എത്ര സ്ഥാനാർത്ഥികൾ മത്സരിച്ചു. അവരുടെ പേരു വിവരം, ടി കാലയളവിൽ മത്സരിച്ച സ്ഥാനാർത്ഥി കൾ നൽകിയിട്ടുള്ള നോമിനേഷൻ പേപ്പറിന്റെയും സമ്പാദ്യം തെളിയിക്കുന്നതി ന്റെയും, വസ്തുവക വിവരങ്ങളുടെയും പകർപ്പ്.

   2) കോട്ടുകാൽ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട മുൻ കുഴിവിള വാർഡ് - നിലവിലെ ശ്രീനാരായണപുരം വാർഡിൽ 1990-1995 കാലയളവിൽ എത്ര സ്ഥാനാർത്ഥികൾ മത്സരിച്ചു. അവരുടെ പേരു വിവരം, ടി കാലയളവിൽ മത്സരിച്ച സ്ഥാനാർത്ഥി

കൾ നൽകിയിട്ടുള്ള നോമിനേഷൻ പേപ്പറിന്റെയും സമ്പാദ്യം തെളിയിക്കുന്നതിന്റെയും, വസ്തുവക വിവരങ്ങളുടെയും പകർപ്പ്, എന്നിങ്ങനെ 5 വിവരങ്ങളാണ്.

2. മേപ്പടി അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം ടി ഓഫീസിൽ ലഭ്യമല്ല എന്ന് അറിയിച്ച് എതിർകക്ഷി മറുപടി നൽകുകയുണ്ടായി. ടി മറുപടിയിൽ തൃപ്തനാകാതിരുന്ന പരാതിക്കാരൻ കമ്മീഷൻ മുമ്പാകെ പരാതി സമർപ്പിച്ചു. പരാതി ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു. നേർവിചാരണയ്ക്ക് ഹാജരായ എതിർകക്ഷി കമ്മീഷൻ മുമ്പാകെ അറിയിച്ചത്, പരാതിക്കാരൻ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ 1985 – 90, 1990 – 95, 1995 – 2000, 2000 – 2005 എന്നീ കാലയളവിൽ കുഴിവിള വാർഡ് നിലവിലെ ശ്രീനാരായണപുരം വാർഡിൽ മത്സരിച്ച സ്ഥാനാർത്ഥികൾ വിവരങ്ങൾ വിശദമായ പരിശോധനയ്ക്ക് ശേഷം ടി ഓഫീസിൽ ലഭ്യമല്ല എന്നും ആ വിവരം ടിയാനെ അറിയിച്ചിരുന്നു എന്നുമാണ്. കൂടാതെ ഓരോ ഇലക്ഷൻ പീരീയഡ് കഴിയുമ്പോഴും പ്രസ്തുത വിവരങ്ങൾ നശിപ്പിച്ചു കളയുമെന്നും അറിയിക്കുന്നുണ്ട്.

4. പരാതി ഹർജിയും മറ്റ് അനുബന്ധരേഖകളും പരിശോധിക്കുമ്പോൾ, ടിയാൻ ആവശ്യപ്പെട്ടത് 20 വർഷം മുമ്പുള്ള വിവരങ്ങളും രേഖകളും ആണ്. കൂടാതെ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ഓരോ ഇലക്ഷൻ പീരിയഡ് കഴിയുമ്പോഴും നശിപ്പിച്ചു കളയുന്നതുമാണ്. ഈ സാഹചര്യത്തിൽ എതിർകക്ഷി നൽകിയ മറുപടി നിയമാനുസൃതമാണെന്ന് കമ്മീഷന് ബോദ്ധ്യപ്പെടുകയും മേപ്പടി വിവരാവകാശ അപേക്ഷയിൽ മറ്റ് നടപടികൾ ആവശ്യമില്ല എന്ന് വിലയിരുത്തി ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി മാസം 10 –ാം തീയതി **തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
**ശ്രീലത. പി. ആർ.**
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ഫിനാൻസ് എക്സ്പേർട്ട്**